കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - മുനിസിപ്പൽ കോമൺ സർവീസ് - WP (C) No.5498/2006 (D) മുനിസിപ്പൽ കോമൺ സർവീസിലെ റിട്ട് പെറ്റിഷനിലെ ഹർജിക്കാരായ ലിഫ്റ്റ് ഓപ്പറേറ്റർമാരെ എൽ ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ തസ്തികമാറ്റം വഴി നിയമനത്തിന് പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(എം. എസ്)നം.183/2012/തസ്വഭവ. തീയതി, തിരുവനന്തപുരം, 30/06/2012.

പരാമർശം :

1. സ.ഉ (എം. എസ്) നം. 313/05/തസ്വഭവ തീയതി 26/10/2005.
2. സ.ഉ (എം. എസ്) നം. 31/06/പൊഭവ തീയതി 25/01/2006.
3. മുനിസിപ്പൽ കോമൺ സർവീസിലെ ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ 02/12/2005 ലെ നിവേദനം.
4. 31/01/2006 ലെ 3550/എ3/06/തസ്വഭവ നമ്പർ സർക്കാർ കത്ത്.
5. WP (C) No.5498/2006 (D) മേൽ ബഹു. കേരളാ ഹൈക്കോടതിയുടെ 31/08/2011 ലെ വിധിന്യായം.
6. നഗരകാര്യ ഡയറക്ടറുടെ 14/12/2011 ലെ എൽ-16766/11 നമ്പർ കത്ത്.
7. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 31/03/2012 ലെ AIII(3) 4449/12/CW നമ്പർ കത്ത്.

## ഉത്തരവ്

മുനിസിപ്പൽ കോമൺ സർവ്വീസിലെ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലെ ആകെ തസ്തികകളുടെ 10% മുനിസിപ്പൽ കോമൺ സർവ്വീസിലെ യോഗ്യരായ താഴ്ന്ന വിഭാഗം (ക്ലാസ്സ് IV) ജീവനക്കാരിൽ നിന്നും "തസ്തികമാറ്റം " വഴി നിയമനം നടത്തുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം സെക്രട്ടറിയേറ്റിലെ ലിഫ്റ്റ് ഓപ്പറേറ്റർ ഉൾപ്പെടെയുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലുള്ള ഒഴിവുകളുടെ 2% തസ്തികമാറ്റം വഴി നിയമനം നടത്തുന്നതിന് നീക്കിവച്ചുകൊണ്ടും നിലവിൽ ഉത്തരവുണ്ട്.

2. മുനിസിപ്പൽ കോമൺ സർവ്വീസിലെ ലിഫ്റ്റ് ഓപ്പറേറ്റർമാരെയും ലോവർ ഡിവിഷൻ ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ തസ്തികമാറ്റം വഴി നിയമനത്തിന് പരിഗണിക്കണമെന്നപേക്ഷിച്ചുകൊണ്ട് പരാമർശം (3) പ്രകാരം നിവേദനം ലഭിച്ചിരുന്നു. എന്നാൽ ലിഫ്റ്റ് ഓപ്പറേറ്റർമാർ മിനിസ്റ്റീരിയൽ ജീവനക്കാരല്ല എന്നതുകൊണ്ടും ഇവരുടെ ശമ്പള സ്കെയിൽ പ്യൂണിനെക്കാൾ ഉയർന്നതായതുകൊണ്ടും 25/11/1998 ലെ സ.ഉ.(പി)നം. 3000/98/ധന. ഉത്തരവ് പ്രകാരം ഇവർക്ക് 10, 18, 23 വർഷങ്ങളിലെ ഗ്രേഡ് അനുവദനീയമായതിനാലും ഇവരുടെ ആവശ്യം പരാമർശം (4) ലെ കത്ത് പ്രകാരം സർക്കാർ നിരസിച്ചിരുന്നു.

3. പ്രസ്തുത തീരുമാനത്തിനെതിരെ പരാതിക്കാർ ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ നം. 5498/06 ഫയൽ ചെയ്യുകയും ഇവരുടെ ആവശ്യം പുനപരിശോധിക്കുന്നതിന് കോടതിവിധി സമ്പാദിക്കുകയും ചെയ്തു. ശമ്പള സ്കെയിൽ പരിഗണിക്കുമ്പോൾ പ്യൂണും ലിഫ്റ്റ് ഓപ്പറേറ്റർമാരും തമ്മിൽ വളരെയധികം വ്യത്യാസമില്ലായെന്നും മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്യൂണിനും സെക്രട്ടറിയേറ്റിൽ ലിഫ്റ്റ് ഓപ്പറേറ്റർമാർക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ ഉയർന്ന തസ്തികകളിലേക്ക് നിയമിക്കുന്നതിന് പരിഗണിക്കുമ്പോൾ മുനിസിപ്പൽ കോമൺ സർവ്വീസിലെ ലിഫ്റ്റ് ഓപ്പറേറ്റർമാരെ സമാനമായ ആനുകൂല്യങ്ങൾ നൽകുന്നതിൽ നിന്നും ഒഴിവാക്കുന്നത് അനീതിയാണെന്നും അതുകൊണ്ട് മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്യൂണിനും, സെക്രട്ടറിയേറ്റ് സർവ്വീസിൽ ലിഫ്റ്റ് ഓപ്പറേറ്റർമാരും ഉൾപ്പെടെയുള്ള താഴ്ന്നവിഭാഗം ജീവനക്കാർക്കും യഥാക്രമം Ext. P2, Ext. P4 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയതുപോലെ പരാതിക്കാരുടെ ആവശ്യം രണ്ടാമതൊന്നു കൂടി പരിശോധിക്കുന്നതിന് പരാമർശം (5) ലെ വിധിന്യായത്തിൽ കോടതി നിർദ്ദേശിച്ചു. ഇതിനായി Ext P6 ഉത്തരവ് കോടതി റദ്ദാക്കുകയും ചെയ്തു.

4. സമാന തസ്തികയിലുള്ള സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് ഓപ്പറേറ്റർമാരെ സെക്രട്ടേറിയറ്റ് അസിസ്റ്റൻറായി തസ്തികമാറ്റം മുഖേന നിയമിക്കുന്നതിന് പൊതുഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ മുനിസിപ്പൽ കോമൺ സർവീസിലെ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള ലിഫ്റ്റ് ഓപ്പറേറ്റർമാരെ കൂടി തസ്തികമാറ്റം വഴിയുള്ള എൽ.ഡി.സി/ബി.സി നിയമനത്തിന് ഉൾപ്പെടുത്തുന്നതിനായി ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളുന്നതിന് പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു. ആകയാൽ മേൽ കോടതിവിധിയുടെ അടിസ്ഥാനത്തിലും മുനിസിപ്പൽ കോമൺ സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനത്തിന് പരിഗണിക്കുന്നതിനാലും, മുനിസിപ്പൽ കോമൺ സർവ്വീസിലെ ലിഫ്റ്റ് ഓപ്പറേറ്റർമാരെയും പരിഗണിക്കാവു

ന്നതാണെന്ന നിർദ്ദേശത്തിൻമേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയും, കമ്മീഷൻ പ്രസ്തുത നിർദ്ദേശത്തോട് പരാമർശം (7) ലെ കത്ത് പ്രകാരം യോജിപ്പ് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ നിശ്ചിത വിദ്യാഭ്യാസയോഗ്യതയുള്ള റിട്ട് പെറ്റീഷൻ നം. 5498/2006(D) ലെ ഹർജിക്കാരായ ലിഫ്റ്റ് ഓപ്പറേറ്റർമാരെ താഴ്ന്നവിഭാഗം ജീവനക്കാരായി കണക്കാക്കി മുനിസിപ്പൽ കോമൺ സർവ്വീസിലെ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

രാജേഷ് കുമാർ സിംഗ്,
സെക്രട്ടറി.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)

റിട്ട് പെറ്റിഷനിലെ ഹർജിക്കാർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)

പൊതുഭരണ (എസ്. സി) വകുപ്പ്(ഇനം നം. 1892 തീയതി 27.6.2012.)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.